(ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിലുള്ള ഇന്റർ സ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) ഇൻകംടാക്സ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്നീ കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തുന്നതായി അറിവുണ്ട്.

(ഡി) എല്ലാ കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളും ഉൾക്കൊള്ളുന്ന മൾട്ടി ഏജൻസി സെന്റർ ഇതിനെക്കുറിച്ച് അന്വേഷിക്കണം എന്ന നിർദ്ദേശം സംസ്ഥാന പോലീസ് ഡയറക്ടർ ജനറൽ ഡൽഹിയിൽ നവംബർ മാസത്തിൽ നടന്ന ഡി.ജി.പി. മാരുടെ കോൺഫറൻസിൽ സമർപ്പിക്കുകയുണ്ടായി.

(ഇ) കേരളത്തിലേക്കും കോയമ്പത്തൂരിലേക്കും ഉള്ള ബാങ്കുകളിൽ നിന്നും പണം ട്രാൻസ്ഫർ ചെയ്തത് സംബന്ധിച്ച് മുംബൈ ക്രൈം നം. 111/02യു. എസ്. 465, 467, 468, 471, 120 (ബി) ഐ. പി. സി. ആർ/ഡബ്ള്യു 276 സി. 276 സി. സി. ഓഫ് ഇൻകം ടാക്സ് ആക്ട് 1961 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) ഉത്തരം 'എ' യിൽപറഞ്ഞിട്ടുള്ള പ്രകാരം നടത്തിയിട്ടുണ്ട്.

(ജി) ഉത്തരം 'എ' യിൽ പറയുന്ന കേസ് അന്വേഷണത്തിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ എന്തെല്ലാം കാര്യങ്ങൾക്കാണ് പണം വിനിയോഗിച്ചതെന്ന് വ്യക്തമാകുകയുള്ളൂ.

(എച്ച്) ഉണ്ട്. ക്രൈം 313/സി.ആർ./പി.കെ.ഡി./2003/യു.എസ്. 409, 467, 477(എ), 120 (ബി) ഐ. പി. സി.

(ഐ) ഉണ്ട്. കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, മഞ്ചേരി, മലപ്പുറം ജില്ല ജീവനക്കാർ അനധികൃത പണമിടപാട് നടത്തിയതായി വെളിവായിട്ടുണ്ട്. കൂടുതൽ അന്വേഷണം നടത്തി വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

*22 [21] *ശ്രീ. ടി. കെ. ബാലൻ :*

ഡോ. തോമസ് ഐസക് :

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യു. ഡി. എഫ്. സർക്കാർ എന്തെല്ലാം കൂടുതൽ അധികാരങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഏതെങ്കിലും അധികാരങ്ങൾ തിരിച്ചു പിടിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിവിഹിതം ചെലവഴിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിവിഹിതം ചെലവഴിക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ആയിരം കോടി രൂപ തിരിച്ചുപിടിച്ചിട്ടുണ്ടോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി അനുവദിക്കുന്ന തുക അതാത് മാസം ചെലവഴിച്ചില്ലെങ്കിൽ തിരിച്ച് ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*:

(എ) 73,74 എന്നീ ഭരണഘടനാഭേദഗതികളെത്തുടർന്ന് 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ടും, കേരള മുനിസിപ്പൽ ആക്ടും നടപ്പാക്കിയതുമുതൽ, അധികാരത്തിലിരുന്ന സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ അധികാരങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് കൂടുതൽ അധികാരങ്ങൾ നൽകുന്ന കാര്യവും ഈ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അധികാരങ്ങളൊന്നും തിരിച്ചെടുത്തിട്ടില്ല. എന്നാൽ പുതിയ ജലസേചന ആക്ട് വന്നതിനുശേഷം ചെറുകിട ജലസേചന നിർവചനത്തിൽ മാറ്റം വന്നിട്ടുണ്ട്.

(സി) പദ്ധതിവിഹിതം ചെലവഴിക്കുന്നത് സംബന്ധിച്ച് ഓരോ വർഷവും മാർഗ്ഗനിർദ്ദേശം നൽകാറുണ്ട്. 2004-2005 വാർഷിക പദ്ധതിക്കായി 31-3-2004-ലെ ജി.ഒ. (എം.എസ്.) 40/2004/പ്ലാനിംഗ് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ചെലവാകാതിരുന്ന 845 കോടിയോളം രൂപ ജൂലൈ 2003-ൽ തിരിച്ചുപിടിച്ചിരുന്നു. അതിൽ 335 കോടി രൂപ പദ്ധതി ഇനത്തിലും ഏകദേശം 200 കോടി രൂപ പദ്ധതി ഇതര ഇനത്തിലും തിരികെ നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

ഇന്റർസ്റ്റേറ്റ് ഇന്റലിജൻസ് വിഭാഗത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

*23 [22] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ* :

„ *ടി. കെ. ദേവകുമാർ* :

„ *മഞ്ഞളാംകുഴി അലി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർസ്റ്റേറ്റ് ഇന്റലിജൻസ് ഏജൻസി വിഭാഗം എല്ലാ സംസ്ഥാനങ്ങളിലും പോലീസ് സേനയിൽ രൂപവൽക്കരിക്കണമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly